7

# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 157

09.03.2015-ലെ മറുപടിക്ക്

## ശോഭ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ പുഴയ്ക്കൽ ശോഭ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസ്സിലെ പ്രതി മുഹമ്മദ് നിഷാമിനെതിരെ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പോലീസ് കേസ്സെടുത്തിട്ടുള്ളത്; പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ. പകർപ്പ് ലഭ്യമാക്കാമോ; | (എ) സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പേരാമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 173/2015 കേസിൽ പ്രതി മുഹമ്മദ് നിഷാമിനെതിരെ സെക്ഷൻ 341, 323, 324, 326, 307, 506(i), 294(b) പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഇരയായ ചന്ദ്രബോസ് മരണപ്പെട്ടതിനെ തുടർന്ന് സെക്ഷൻ 307 IPC കുറവു ചെയ്ത് സെക്ഷൻ 302 IPC കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ടി കേസിന്റെ എഫ്.ഐ.ആറിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) മാരകമായി പരിക്കുപറ്റി ചികിത്സയിൽ കഴിഞ്ഞിരുന്ന ചന്ദ്രബോസിന്റെ മൊഴി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഇല്ല. കൊല്ലപ്പെട്ട ചന്ദ്രബോസ്, ആശുപത്രിയിൽ പ്രവേശിപ്പിച്ച നാൾ മുതൽ വെന്റിലേറ്ററിലും, വെന്റിലേറ്റർ ഐ.സി. യു.വിലും കഴിഞ്ഞിരുന്നതും അത്യാസന്ന നിലയിൽ ആയിരുന്നതുമാണ്. പേരാമംഗലം പോലീസ് ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള അഭ്യർത്ഥന പ്രകാരം ബഹുമാനപ്പെട്ട കുന്ദംകുളം ജെ.എഫ്.സി.എം.I കോടതിയുടെ ചുമതല ഉണ്ടായിരുന്ന ബഹുമാനപ്പെട്ട ചാവക്കാട് ജെ.എഫ്.സി.എം.I കോടതി മജിസ്ട്രേറ്റ് ശ്രീ. എം.പി. ഷിബു മരണപ്പെട്ട ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുന്നതിനായി അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്കും 4 മണിക്കും ഇടയിൽ തൃശ്ശൂർ അമലാ ആശുപത്രിയിൽ ഹാജരാവുകയും എന്നാൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ചന്ദ്രബോസിൽ നിന്നും മൊഴിയെടുക്കുവാൻ ടിയാൻ പ്രാപ്തനല്ല എന്ന് ഡോക്ടർമാർ അറിയിച്ചതിനാൽ ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് മൊഴി രേഖപ്പെടുത്താൻ സാധിക്കാതെ തിരിച്ച് പോവുകയാണ് ഉണ്ടായത്. |
| (സി) മരണത്തിനു മുമ്പ് ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുന്നതിന് പോലീസ് ബോധപൂർവ്വമായ വീഴ്ച വരുത്തി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) തൃശ്ശൂർ ശോഭാ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസ് ആക്രമണത്തിന് വിധേയനായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും അദ്ദേഹത്തിന്റെ ശരീരത്തിന്റെ മുന്നിലും പിറകിലുമായി റിബ്-ഫ്രാക്ചറുകളും, ചെസ്റ്റിലെയും അബ്ഡൊമനിലെയും ആന്തരിക അവയവങ്ങൾക്ക് ഗുരുതരമായി പരിക്കേറ്റ് പല ശസ്ത്രക്രിയകൾക്കും വിധേയനായി സിവിയർ |

സെഡേഷനിൽ വെന്റിലേറ്ററിലും ഐ.സി.യു.വിലും കഴിഞ്ഞുവരവെ ചന്ദ്രബോസ് പോലീസിന് വിശദമായ മൊഴി നൽകാൻ പ്രാപ്തനായിരുന്നില്ല എന്ന് അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർമാർ മൊഴിയെടുക്കാൻ ചെന്ന പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കുകയുണ്ടായി. പേരാമംഗലം പോലീസ് ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള അഭ്യർത്ഥന പ്രകാരം ബഹുമാനപ്പെട്ട കുന്ദംകുളം ജെ.എഫ്.സി.എം-1 കോടതിയുടെ ചുമതല ഉണ്ടായിരുന്ന ബഹുമാനപ്പെട്ട ചാവക്കാട് ജെ.എഫ്.സി.എം. -1 കോടതി മജിസ്ട്രേറ്റ് ശ്രീ. എം.പി. ഷിബു ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുന്നതിനായി അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്കും 4 മണിക്കും ഇടയിൽ തൃശ്ശൂർ അമലാ ആശുപത്രിയിൽ ഹാജരാവുകയും എന്നാൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ചന്ദ്രബോസ് മൊഴി നൽകുവാൻ പ്രാപ്തനല്ല എന്ന് ഡോക്ടർമാർ അറിയിച്ചതിനാൽ ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് മൊഴി രേഖപ്പെടുത്താൻ സാധിക്കാതെ തിരിച്ച് പോവുകയാണ് ഉണ്ടായത്. ഇതിനു പുറമേ ചന്ദ്രബോസിന്റെ മൊഴി എടുക്കാൻ പറ്റുന്ന സാഹചര്യമുണ്ടായാൽ ആയത് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടിയാനെ ചികിത്സിച്ച ഡോക്ടർമാരോട് പോലീസ് അഭ്യർത്ഥിച്ചിരുന്നതാണ്. ഇക്കാര്യത്തിൽ പോലീസ് എല്ലാവിധ പ്രോ ആക്ടീവ് നടപടികളും എടുത്തിട്ടുണ്ടായിരുന്നു.

| | |
|---|---|
| (ഡി) ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്താതിരുന്നത് പ്രതിയ്ക്കെതിരെയുള്ള കേസ്സിനെ ദുർബലപ്പെടുത്തുമോ; വ്യക്തമാക്കാമോ; | (ഡി) ഇല്ല. പ്രതിക്കെതിരെ അനവധി ദൃക്സാക്ഷി മൊഴികളും ശാസ്ത്രീയ തെളിവുകളും മറ്റ് തെളിവുകളും ശേഖരിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് കേസ്സ് ദുർബലപ്പെടുവാനുള്ള സാഹചര്യമില്ല. |
| (ഇ) മൊഴി രേഖപ്പെടുത്താൻ വീഴ്ച വരുത്തിയ അന്വേഷണ ഉദ്യോഗസ്ഥനെതിരെ എന്തുനടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ? | (ഇ) ഉത്തരം (ബി), (സി) എന്നിവയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**